**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4890** **02-07-2024 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഹൗസിംഗ് ലോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി ഹൗസിംഗ് ലോൺ അനുവദിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ലോൺ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; പ്രസ്തുത ലോണിന് വനിതകൾക്ക് മുൻഗണന നൽകുന്നുണ്ടോ; | (ബി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി ഹൗസിംഗ് ലോൺ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്. പ്രസ്തുത ലോണിന് വനിതകൾക്ക് മുൻഗണന നൽകുന്നില്ല. |
| (സി) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നൽകുന്ന ലോണുകളുടെ വിശദാംശങ്ങൾ നൽകാമോ? | (സി) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകുന്ന മറ്റു ലോണുകളുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (1)

- 1,20,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് 6.5 % പലിശ നിരക്കിൽ പരമാവധി 5 ലക്ഷം രൂപ വരെയും 1,20,000 രൂപ മുതൽ 3,00,000 രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് 7 % പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപ വരെയും അനുവദിക്കും.
- അപേക്ഷകന്റെ പേരിലോ കുടുംബാംഗങ്ങളുടെ പേരിലോ വാസയോഗ്യമായ വീട് ഉണ്ടായിരിക്കരുത്.
- പ്രായപരിധി : 18-55
- ഭവന നിർമ്മാണത്തിനായി അപേക്ഷകന്റെ പേരിലോ കുടുംബാംഗങ്ങളുടെ പേരിലോ ഏറ്റവും കുറഞ്ഞത് കോർപറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളിൽ 5 സെന്റും ഗ്രാമപ്രദേശങ്ങളിൽ 6 സെന്റും ഭൂമി കൈവശമുണ്ടായിരിക്കണം.
- ഭവന നിർമാണത്തിന്, ബന്ധപ്പെട്ട തദ്ദേശ/സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അംഗീകൃത പെർമിറ്റ്/എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കണം. അംഗീകൃത എസ്റ്റിമേറ്റിന്റെ പരമാവധി 90 % വായ്പയായി അനുവദിക്കും.
- നിർമ്മാണം നടത്തുന്ന വസ്തു ഈടായി സമർപ്പിക്കണം.
- വായ്പ തുക മൂന്ന് തവണകളായി അനുവദിക്കും
- പരമാവധി തിരിച്ചടവ് കാലാവധി – 15 വർഷം

സെക്ഷൻ ഓഫീസർ

അനുബന്ധം (2)

- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും പുതിയ സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി.
- പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയ പിന്നാക്ക ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രവാസി സുരക്ഷ സ്വയംതൊഴിൽ വായ്പാ പദ്ധതി. നോർക്കയുടെ NDPREM പദ്ധതിയിലുൾപ്പെടുത്തി പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡിയായി (പരമാവധി 3 ലക്ഷം രൂപ) അനുവദിക്കുന്നതാണ്.
- പിന്നാക്ക സമുദായത്തിൽപെട്ടവർക്കും ന്യൂനപക്ഷങ്ങൾക്കും ഇന്ത്യയിലും വിദേശത്തും ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി വിദ്യാഭ്യാസ വായ്പ പദ്ധതി.
- പിന്നാക്ക വിഭാഗത്തിൽപെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സ്റ്റാർട്ട്അപ്പ് സ്വയം തൊഴിൽ പദ്ധതി.
- സമൂഹത്തിലെ ഏറ്റവും താഴ്ന്ന വരുമാനക്കാർക്ക് ചെറിയ വായ്പകൾ ലഭ്യമാക്കുന്നതിനായി സന്നദ്ധ സംഘടനകളും കുടുംബശ്രീ CDS കളും വഴി മൈക്രോ ഫിനാൻസ് പദ്ധതി നടപ്പിലാക്കുന്നു.
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും തങ്ങളുടെ ബഹുവിധ ആവശ്യങ്ങൾക്കായി സുവർണശ്രീ വായ്പാ പദ്ധതി.
- താഴ്ന്ന വരുമാനക്കാരായ OBC/മതന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനായി വിവാഹ ധനസഹായ വായ്പ
- നിലവിൽ സ്വയംതൊഴിൽ സംരംഭം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞവർക്ക് നിലവിലെ സംരംഭം വിപുലീകരിക്കുന്നതിന് Business Development വായ്പാ
- കെ.എസ്.ബി.സി.ഡി.സിയിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്ത് സംരംഭം ആരംഭിച്ചവർക്ക് തിരിച്ചടവ് കാലാവധി കഴിഞ്ഞതിനു ശേഷം പ്രസ്തുത സംരംഭത്തിന് പ്രവർത്തന മൂലധന ആവശ്യാർഥം നൽകുന്നതിനായി പ്രവർത്തന മൂലധന വായ്പ
- സർക്കാർ/അർദ്ധസർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന OBC/ മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് വ്യക്തിഗത ആവശ്യങ്ങൾക്കായി വ്യക്തിഗത വായ്പാ പദ്ധതി
- സർക്കാർ/അർദ്ധസർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന OBC/ മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ഗൃഹപുനരുദ്ധാരണത്തിന് നൽകുന്ന സ്വസ്ഥഗൃഹ വായ്പ പദ്ധതി
- സർക്കാർ/അർദ്ധസർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന OBC/ മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ടൂവീലർ/ഫോർ വീലർ എന്നിവ വാങ്ങുന്നതിനുള്ള വാഹന വായ്പ പദ്ധതി
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ

വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി വിദ്യശ്രീ വായ്പാ പദ്ധതി

- പിന്നാക്ക വിഭാഗത്തിൽപ്പെട്ട വഴിയോരകച്ചവടക്കാർക്കായി ഉണർവ് വായ്പ പദ്ധതി.
- സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട 60 വയസ് അധികരിക്കാത്ത ലൈസൻസും ബാഡ്ജും ഉള്ള ഓട്ടോ ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഇലക്ട്രിക് / സി.എൻ.ജി. ഓട്ടോ ടാക്സികൾ വാങ്ങുന്നതിനും തങ്ങളുടെ പെട്രോൾ വാഹനങ്ങൾ സി.എൻ.ജി.യിലേയ്ക്ക് മാറ്റുന്നതിനുമുള്ള പുതിയ വായ്പാ പദ്ധതിയാണ് ഗ്രീൻ വീൽ സ്വയം തൊഴിൽ വായ്പാ പദ്ധതി.

സെക്ഷൻ ഓഫീസർ